പത്രക്കുറിപ്പ് : **കേരള സാഹിത്യ അക്കാദമി ആപ്പീസ്**

തൃശൂർ, 19.11.2013

# മലയാളഭാഷയ്ക്ക് ഇത് സുവർണ്ണകാലം: ഉമ്മൻചാണ്ടി

തൃശൂർ: മലയാളികൾ ഭാഷാഭ്രാന്തരല്ലെന്നും, എന്നാൽ ഭാഷാസ്നേഹികളാണെന്നും ഉമ്മൻചാണ്ടി പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ 57-ാം വാർഷികാഘോഷത്തിൽ സക്കറിയയ്ക്കും എം.പി.വീരേന്ദ്രകുമാറിനും അക്കാദമിയുടെ പരമോന്നത ബഹുമതിയായ വിശിഷ്ടാംഗത്വം സമർപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയാളം ശ്രേഷ്ഠഭാഷയായി പ്രഖ്യാപിക്കുന്നതിന് കേരളം മുഴുവൻ ഒന്നിച്ചുനിന്നു പ്രവർത്തിച്ചു. മലയാളഭാഷയുടെ പരിപോഷണത്തിനായി ഒരു സർവ്വകലാശാല രൂപീകരിച്ചു. മലയാളം നിർബന്ധിത പാഠ്യഭാഷയാക്കി. ഭരണതലത്തിൽ മലയാളത്തെ ഒന്നാംഭാഷയാക്കി. 1001 പ്രാചീനഗ്രന്ഥങ്ങൾ ഓൺലൈനിൽ ലഭിക്കുന്ന ലൈബ്രറി സംവിധാനം ലഭ്യമാക്കി. ഇങ്ങനെ മാതൃഭാഷയുടെ വികാസത്തെ ലക്ഷ്യമാക്കിയുള്ള നയങ്ങളും നടപടികളും രൂപീകരിക്കാൻ, കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സാധ്യമായത് അഭിമാനകരമായ നേട്ടമാണെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ഇന്ത്യൻ ജനാധിപത്യം ഒരു വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ നമ്മുടെ രാജ്യത്തെ പ്രണയപൂർവ്വം മാറോടണയ്ക്കാൻ സമയമായെന്ന് മറുപടിപ്രസംഗത്തിൽ സക്കറിയ പറഞ്ഞു. കൂട്ടക്കൊലവിദഗ്ധരെ താരങ്ങളാക്കി മാറ്റുകയാണ് വർഗീയ ഫാസിസ്റ്റുകൾ. നമ്മുടെ നാട് മറ്റൊരു കുരുക്ഷേത്രഭൂമിയാകാതിരിക്കാൻ ജനാധിപത്യവിശ്വാസികൾ ചേർന്നുനിൽകേണ്ട കാലമാണിതെന്ന് അദ്ദേഹം പറഞ്ഞു. ജനാധിപത്യത്തിൽ ജനങ്ങളാണ് വലുതെന്നും വിരുദ്ധചേരികളിൽനിന്ന് നിശിതമായി വിയോജിക്കുമ്പോഴും, പരസ്പരം ആദരവ് പുലർത്തുന്നതിലാണ് സംവാദത്തിന്റെ മഹത്വമെന്നും മറുപടിപ്രസംഗത്തിൽ എം.പി.വീരേന്ദ്രകുമാർ അഭിപ്രായപ്പെട്ടു.

സാംസ്കാരികവകുപ്പ് മന്ത്രി കെ.സി.ജോസഫ് അധ്യക്ഷനായി. കേരളത്തെ ഇളക്കിമറിച്ച രാഷ്ട്രീയ-സാംസ്കാരികസംവാദങ്ങളിൽ നിർഭയമായി അഭിപ്രായം പറയാൻ മടിക്കാതിരുന്ന മഹാപ്രതിഭകൾക്കാണ് ഇത്തവണത്തെ വിശിഷ്ടാംഗത്വം സമ്മാനിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സമഗ്രസംഭാവനാപുരസ്കാരത്തിന് അർഹരായ പ്രൊഫ.കെ.പി.ശങ്കരൻ, കരൂർ ശശി, ജി.പ്രിയദർശനൻ എന്നിവർ മന്ത്രിയിൽനിന്നും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. പുരസ്കർത്താക്കളെ പരിചയപ്പെടുത്തികൊണ്ട് അക്കാദമി നിർവ്വാഹകസമിതിയംഗം വിജയലക്ഷ്മിയും അക്കാദമി അംഗം കൈനകരി ഷാജിയും സംസാരിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ പ്രശസ്തിപത്രം അവതരിപ്പിച്ചു. അഡ്വ.തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ആശംസകൾ അർപ്പിച്ചു. അവാർഡ് ജേതാക്കൾ മറുപടി പ്രസംഗം നടത്തി. ചടങ്ങിന് അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ സ്വാഗതവും അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു. തുടർന്ന് ബഷീർ വേദിയിൽ ദേവിവിലാസം കലാലയം, ചെങ്ങന്നൂർ അവതരിപ്പിച്ച പടയണി അരങ്ങേറി.

**ആർ. ഗോപാലകൃഷ്ണൻ**

സെക്രട്ടറി


57-ാം വാർഷികാഘോഷം
പുരസ്കാരസമർപ്പണം
2013 നവംബർ 19 ചൊവ്വ, അക്കാദമി ഓഡിറ്റോറിയം, തൃശൂർ
അപ്പൻതമ്പുരാൻ ദിനാചരണം
വിശിഷ്ടാംഗത്വം • സമഗ്രസംഭാവനാപുരസ്കാരം
അക്കാദമി അവാർഡ് • എൻഡോവ്മെന്റ് അവാർഡ്
കേരള സാഹിത്യ അക്കാദമി
KAIRALI
KAIRALI
കേരളസാഹിത്യ അക്കാദമി


കേരള സാഹിത്യ അക്കാദമി
കേരള സർക്കാർ
സാംസ്കാരികവകുപ്പ്
57-ാം വാർഷികാഘോഷം